खण्ड रजिस्ट्री सं० डि०. एल्ल. 33004/94 REGISTERED No. DL-33004/94

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I

PART XI—SECTION I

ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित

**Published by Authority**

അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്

| | | | | | |
|---|---|---|---|---|---|
| सं. 3205 | नई दिल्ली | गुरुवार | 31, दिसंबर 2020/ | 10, पौष, 1942 (शक) | खण्ड IX |
| No. 3205 | NEW DELHI | Thursday | 31, December 2020/ | 10, Pousha, 1942 (Saka) | Vol. IX |
| നമ്പർ 3205 | ന്യൂഡൽഹി | വ്യാഴം | 31, ഡിസംബർ 2020/ | 10, പൗഷം, 1942 (ശക) | വാല്യം 9 |

## MINISTRY OF LAW AND JUSTICE

**(Legislative Department)**

*New Delhi, 15th October, 2019/23rd Aswina, 1941 (Saka).*

The translation in Malayalam of the Building and Other Construction workers welfare cess Act, 1996 is hereby published under the authority of the President and shall be deemed to be the Authoritative Text of this Act, in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

1996-ലെ കെട്ടിട-മറ്റു നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമ സെസ്സ് ആക്റ്റ്-ന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ആധികാരികപാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. G. NARAYANARAJU,
*Secretary to the Government of India.*

GCPT. 212/9014/2020/S-13.

# കെട്ടിട—മറ്റു നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമ സെസ്സ് ആക്റ്റ്, 1996

## (1996-ലെ 28-ാം നമ്പർ കേന്ദ്ര ആക്റ്റ്)

കെട്ടിട—മറ്റു നിർമ്മാണത്തൊഴിലാളികളുടെ (തൊഴിലും സേവന വ്യവസ്ഥകളും ക്രമപ്പെടുത്തൽ) ആക്റ്റ്, 1996 പ്രകാരം രൂപീകരിച്ച കെട്ടിട—മറ്റു നിർമ്മാണ തൊഴിലാളികളുടെ ക്ഷേമ ബോർഡുകളുടെ വിഭവങ്ങൾ വർദ്ധിപ്പിക്കണമെന്ന ലക്ഷ്യത്തോടുകൂടി, നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി തൊഴിൽദായകർ വഹിച്ചിട്ടുള്ള ചെലവിൻമേൽ ഒരു സെസ്സ് ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ നാൽപ്പത്തിയേഴാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് കെട്ടിട—മറ്റു നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമ സെസ്സ് ആക്റ്റ്, 1996 എന്ന് പേര് പറയാവുന്നതാണ്.

(2) ഇതിന് ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് 1995 നവംബർ 3-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "ബോർഡ്" എന്നാൽ കെട്ടിട—മറ്റു നിർമ്മാണത്തൊഴിലാളികളുടെ (തൊഴിലും സേവന വ്യവസ്ഥകളും ക്രമപ്പെടുത്തൽ)ആക്റ്റ്, 1996, 18-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു സംസ്ഥാന സർക്കാർ രൂപീകരിച്ച കെട്ടിട—മറ്റു നിർമ്മാണത്തൊഴിലാളികളുടെ ഒരു ക്ഷേമ ബോർഡ് എന്നർത്ഥമാകുന്നു;

(ഖ) "നിധി" എന്നാൽ ഒരു ബോർഡ് രൂപീകരിച്ച കെട്ടിട—മറ്റു നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമനിധി എന്നർത്ഥമാകുന്നു;

(ഗ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഘ) ഇതിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും, കെട്ടിട—മറ്റു നിർമ്മാണ തൊഴിലാളികളുടെ (തൊഴിലും സേവന വ്യവസ്ഥകളും ക്രമപ്പെടുത്തൽ) ആക്റ്റ് 1996-ൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും ആ ആക്റ്റിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. സെസ്സ് ചുമത്തലും പിരിച്ചെടുക്കലും.—(1) കെട്ടിട—മറ്റു നിർമ്മാണത്തൊഴിലാളികളുടെ (തൊഴിലും സേവന വ്യവസ്ഥകളും ക്രമപ്പെടുത്തൽ)ആക്റ്റ്, 1996-ന്റെ ആവശ്യങ്ങൾക്കായി, കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി വിനിർദ്ദേശിക്കാവുന്ന പ്രകാരം ഒരു തൊഴിലുടമ വഹിച്ചിട്ടുള്ള നിർമ്മാണച്ചെലവിന്റെ രണ്ടു ശതമാനത്തിൽ കവിയാത്തതും എന്നാൽ ഒരു ശതമാനത്തിൽ കുറയാത്തതുമായ അപ്രകാരമുള്ള നിരക്കിൽ ഒരു സെസ്സ് ചുമത്തേണ്ടതും പിരിച്ചെടുക്കേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരം ചുമത്തപ്പെട്ട സെസ്സ്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിലുംഅങ്ങനെയുള്ള സമയത്തും ഏതൊരു തൊഴിൽദായകനിൽനിന്നും, ഒരു സർക്കാരിന്റെയോ ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെയോ കെട്ടിടത്തിന്റെയോ അല്ലെങ്കിൽ മറ്റ് നിർമ്മാണ പ്രവർത്തനത്തെയോ

സംബന്ധിക്കുന്നിടത്ത്, ഉൽഭവസ്ഥാനത്ത് കിഴിവു ചെയ്യുന്നതുൾപ്പെടെയോ അല്ലെങ്കിൽ അങ്ങനെയുള്ള കെട്ടിടത്തിനോ മറ്റു നിർമ്മാണ പ്രവർത്തനത്തിനോ അങ്ങനെയുള്ള തദ്ദേശാധികാരസ്ഥാനത്തിന്റെ അംഗീകാരം ആവശ്യമുള്ളിടത്ത് തദ്ദേശാധികാരസ്ഥാനം മുഖേനയുള്ള മുൻകൂർ പിരിവായോ പിരിച്ചെടുക്കേണ്ടതാകുന്നു.

(3) (2)-ാം ഉപവകുപ്പുപ്രകാരം പിരിച്ചെടുത്ത സെസ്സിൽ നിന്നുള്ള വരവ് സെസ്സ് പിരിക്കുന്ന തദ്ദേശാധികാരസ്ഥാനമോ സംസ്ഥാന സർക്കാരോ, പിരിച്ചതുകയുടെ ഒരു ശതമാനത്തിൽ കവിയാത്ത തുക അങ്ങനെയുള്ള സെസ്സ് പിരിവിന്റെ ചെലവിനായി കിഴിച്ചശേഷം ബോർഡിന് നൽകേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പിലോ (2)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, മുൻകൂറായി സെസ്സ് അടയ്ക്കുന്നതുൾപ്പെടെ ഈ ആക്റ്റ് പ്രകാരം ചുമത്തപ്പെടേണ്ട സെസ്സ് അവസാന തിട്ടപ്പെടുത്തലിനു വിധേയമായി, ബന്ധപ്പെട്ട കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണ പ്രവർത്തനത്തിന്റെയോ അളവിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടാവുന്ന ഒരു ഏകീകൃത നിരക്കിലോ നിരക്കുകളിലോ പിരിച്ചെടുക്കേണ്ടതാണ്.

4. റിട്ടേണുകൾ നൽകൽ.—(1) ഏതൊരു തൊഴിൽദായകനും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള സമയത്തും അങ്ങനെയുള്ള റിട്ടേൺ അങ്ങനെയുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ നൽകേണ്ടതാണ്.

(2) 3-ാം വകുപ്പുപ്രകാരം സെസ്സ് കൊടുക്കാൻ ബാദ്ധ്യസ്ഥനായ, കെട്ടിടത്തിന്റെയോ മറ്റു നിർമ്മാണത്തിന്റെയോ പ്രവർത്തനം നടത്തുന്ന ഏതെങ്കിലും ആൾ (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും റിട്ടേൺ നൽകുന്നതിന് വീഴ്ച വരുത്തുകയാണെങ്കിൽ ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ അങ്ങനെയുള്ള ആൾക്ക് നോട്ടീസിൽ പറയാവുന്ന അങ്ങനെയുള്ള തീയതിക്ക് മുൻപായി അങ്ങനെയുള്ള റിട്ടേൺ നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് ഒരു നോട്ടീസ് നൽകേണ്ടതാണ്.

5. സെസ്സ് തിട്ടപ്പെടുത്തൽ.—(1) 4-ാം വകുപ്പുപ്രകാരം ഏത് ഉദ്യോഗസ്ഥന് അല്ലെങ്കിൽ അധികാരസ്ഥാനത്തിനാണ് റിട്ടേൺ നൽകിയിട്ടുള്ളത്, അദ്ദേഹത്തിനോ അതിനോ യുക്തമെന്നു കരുതുന്ന രീതിയിൽ അങ്ങനെയുള്ള അന്വേഷണം നടത്തുകയോ നടത്തിക്കുകയോ ചെയ്തതിനുശേഷവും റിട്ടേണിലെ വിവരങ്ങൾ ശരിയാണെന്ന് സ്വയം ബോദ്ധ്യപ്പെട്ടതിനുശേഷവും ഉത്തരവുമൂലം തൊഴിൽദായകൻ നൽകേണ്ട സെസ്സ് തുക തിട്ടപ്പെടുത്തേണ്ടതാകുന്നു.

(2) 4-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ റിട്ടേൺ നൽകിയിട്ടില്ലെങ്കിൽ, അദ്ദേഹത്തിനോ അതിനോ യുക്തമെന്ന് കരുതുന്ന രീതിയിൽ അങ്ങനെയുള്ള അന്വേഷണം നടത്തുകയോ നടത്തിക്കുകയോ ചെയ്തശേഷം ഉത്തരവുമൂലം, തൊഴിൽദായകൻ നൽകേണ്ട സെസ്സിന്റെ തുക തിട്ടപ്പെടുത്തേണ്ടതാകുന്നു.

(3) (1)-ാം ഉപവകുപ്പോ (2)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിച്ച ഒരു തിട്ടപ്പെടുത്തൽ ഉത്തരവിൽ ഏത് തീയതിക്കുള്ളിലാണ് തൊഴിൽദായകൻ സെസ്സ് അടയ്ക്കേണ്ടതെന്ന് വിനിർദ്ദേശിക്കേണ്ടതാകുന്നു.

6. ഒഴിവാക്കുന്നതിനുള്ള അധികാരം.—ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്രസർക്കാരിന് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഒരു സംസ്ഥാനത്തെ ഏതെങ്കിലും തൊഴിൽദായകനെയോ ഒരു വിഭാഗം തൊഴിൽദായകരെയോ ആ സംസ്ഥാനത്ത് നിലവിലുള്ള ഏതെങ്കിലും തൽസ്ഥാനീയ നിയമപ്രകാരം ചുമത്തപ്പെട്ട സെസ്സ് കൊടുക്കേണ്ടതായി വരുന്നിടത്ത്, ഈ ആക്റ്റ് പ്രകാരം നൽകേണ്ടതായ സെസ്സ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

7. പ്രവേശനത്തിനുള്ള അധികാരം.—ഇതിനുവേണ്ടി പ്രത്യേകമായി സംസ്ഥാന സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ആ സർക്കാരിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ—

(ക) അദ്ദേഹത്തിനോ അതിനോ യുക്തമെന്നു കരുതാവുന്ന അങ്ങനെയുള്ള ഏതെങ്കിലും സഹായത്തോടുകൂടി 4-ാം വകുപ്പുപ്രകാരം ഏതെങ്കിലും തൊഴിൽദായകർ നൽകിയിട്ടുള്ള ഏതെങ്കിലും വിവരങ്ങളുടെ നിജസ്ഥിതി പരിശോധിക്കുന്നതുൾപ്പെടെ, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി അദ്ദേഹത്തിനോ അതിനോ ആവശ്യമാണെന്ന് തോന്നുന്ന ഉചിതമായ ഏത് സമയത്തും ഏത് സ്ഥലത്തും പ്രവേശിക്കുകയും;

(ഖ) ഈ ആക്റ്റ് പ്രകാരം അദ്ദേഹത്തിന്റെ അല്ലെങ്കിൽ അതിന്റെ കർത്തവ്യങ്ങൾ ശരിയായി നിർവ്വഹിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും അങ്ങനെയുള്ള സ്ഥലത്തിനുള്ളിൽ ചെയ്യുകയും; കൂടാതെ

(ഗ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

8. സെസ്സ് അടയ്ക്കുന്നതിൽ കാലതാമസം വരുത്തുന്നതിൻമേൽ അടയ്ക്കേണ്ട പലിശ.—3-ാം വകുപ്പുപ്രകാരം അടയ്ക്കേണ്ട ഏതെങ്കിലും സെസ്സ് തുക തിട്ടപ്പെടുത്തൽ ഉത്തരവിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ അടയ്ക്കുന്നതിന് ഏതെങ്കിലും തൊഴിൽദായകൻ വീഴ്ച വരുത്തുകയാണെങ്കിൽ, അങ്ങനെയുള്ള തൊഴിൽദായകൻ അടയ്ക്കാനുള്ള തുകയ്ക്ക് അങ്ങനെയുള്ള കുടിശ്ശിക വരുത്തിയ തീയതി മുതൽ തുക യഥാർത്ഥത്തിൽ അടച്ചു തീരുന്നതുവരെയുള്ള കാലയളവിൽ ഉൾപ്പെട്ട ഓരോ മാസത്തിനോ ഒരു മാസത്തിന്റെ ഭാഗത്തിനോ രണ്ടു ശതമാനം നിരക്കിൽ പലിശ അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

9. നിർദ്ദിഷ്ട സമയത്തിനുള്ളിൽ സെസ്സ് അടയ്ക്കാതിരുന്നാലുള്ള പിഴ.—3-ാം വകുപ്പുപ്രകാരം ഏതെങ്കിലും തൊഴിൽദായകൻ അടയ്ക്കേണ്ടതായ ഏതെങ്കിലും സെസ്സ് തുക 5-ാം വകുപ്പുപ്രകാരം ഉണ്ടാക്കിയ തിട്ടപ്പെടുത്തൽ ഉത്തരവിൽ പറഞ്ഞിട്ടുള്ള തീയതിക്കുള്ളിൽ അടച്ചിട്ടില്ലെങ്കിൽ അത് കുടിശ്ശികയായി കണക്കാക്കപ്പെടുന്നതും ഇതിനുവേണ്ടി നിർണ്ണയിക്കപ്പെട്ട അധികാരസ്ഥാനം അതിന് യുക്തമെന്നു കരുതുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിയശേഷം സെസ്സ് തുകയിൽ കവിയാത്ത ഒരു പിഴ അങ്ങനെയുള്ള തൊഴിൽദായകന്റെമേൽ ചുമത്താവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും പിഴ ചുമത്തുന്നതിനുമുമ്പ്, അങ്ങനെയുള്ള തൊഴിൽദായകനെ കേൾക്കുവാനുള്ള ന്യായമായ ഒരു അവസരം നൽകിയതിനുശേഷം വീഴ്ചവരുത്തിയത് ഏതെങ്കിലും ശരിയായതും മതിയായതുമായ കാരണത്തിൻമേൽ ആയിരുന്നുവെന്ന് പ്രസ്തുത അധികാരസ്ഥാനത്തിന് ബോദ്ധ്യപ്പെടുകയാണെങ്കിൽ ഈ വകുപ്പുപ്രകാരം യാതൊരു പിഴയും ചുമത്തുവാൻ പാടുള്ളതല്ല.

10. ഈ ആക്റ്റ് പ്രകാരം കിട്ടാനുള്ള തുക വസൂലാക്കൽ.—ഈ ആക്റ്റ് പ്രകാരം തൊഴിൽദായകനിൽനിന്നും കിട്ടാനുള്ള ഏതെങ്കിലും തുക (ഏതെങ്കിലും പലിശയോ പിഴയോ ഉൾപ്പെടെ) ഒരു ഭൂനികുതി കുടിശ്ശികയെന്നപോലെ അതേ രീതിയിൽ വസൂലാക്കാവുന്നതാണ്.

11. അപ്പീലുകൾ.—(1) 5-ാം വകുപ്പുപ്രകാരം ഉണ്ടാക്കിയ ഒരു തിട്ടപ്പെടുത്തൽ ഉത്തരവ് മുഖേനയോ 9-ാം വകുപ്പുപ്രകാരം ഉണ്ടാക്കിയ ഒരു പിഴ ചുമത്തൽ ഉത്തരവ് മുഖേനയോ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും തൊഴിൽദായകന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അപ്പീലധികാരസ്ഥാനത്തിന് അപ്പീൽ കൊടുക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ബോധിപ്പിക്കുന്ന ഏതൊരു അപ്പീലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് സഹിതമായിരിക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും അപ്പീൽ സ്വീകരിച്ചതിനുശേഷം അപ്പീലധികാരസ്ഥാനം അപ്പീൽവാദിയെ ആ കാര്യത്തിൽ കേൾക്കുന്നതിന് ന്യായമായ ഒരു അവസരം നൽകിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ അപ്പീൽ തീർപ്പാക്കേണ്ടതാണ്.

(4) ഈ വകുപ്പ് പ്രകാരമുള്ള അപ്പീലിൽ പാസ്സാക്കിയ ഏതൊരു ഉത്തരവും അന്തിമമായിരിക്കുന്നതും യാതൊരു കോടതിയിലും ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്തതുമാകുന്നു.

12. പിഴ ശിക്ഷ.—(1) ഈ ആക്റ്റിൻകീഴിൽ ഒരു റിട്ടേൺ നൽകുവാൻ ബാദ്ധ്യത ഉണ്ടായിരിക്കെ അത് തെറ്റാണെന്ന് അറിഞ്ഞുകൊണ്ടോ വിശ്വസിക്കുവാൻ കാരണം ഉണ്ടായിട്ടോ ഏതെങ്കിലും റിട്ടേൺ നൽകുന്ന ഏതൊരാളും ആറുമാസംവരെയാകാവുന്ന തടവോ അല്ലെങ്കിൽ ആയിരംരൂപവരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

(2) ഈ ആക്റ്റ് പ്രകാരം സെസ്സ് അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കെ മനഃപൂർവ്വമായോ കരുതികൂട്ടിയോ അങ്ങനെയുള്ള സെസ്സ് അടയ്ക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറുകയോ ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയോ ചെയ്യുന്ന ഏതൊരാളും ആറുമാസംവരെയാകാവുന്ന തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(3) ഒരു കോടതിയും ഈ വകുപ്പുപ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റം കേന്ദ്ര സർക്കാരിനാലോ അതിന്റെ പ്രാധികാരത്തിൻ കീഴിലോ നൽകുന്ന ഒരു പരാതിയിൻമേലല്ലാതെ കുറ്റവിചാരണയ്ക്കെടുക്കുവാൻ പാടുള്ളതല്ല.

13. കമ്പനികൾ ചെയ്യുന്ന കുറ്റങ്ങൾ—(1) ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിട്ടുള്ളിടത്ത് കുറ്റം ചെയ്ത സമയത്ത് കമ്പനിയുടെ ബിസിനസ്സിന്റെ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ്ജ് ഉണ്ടായിരുന്നതും കമ്പനിയോട് ഉത്തരവാദിയായിരുന്നതുമായ ഓരോ ആളും കമ്പനിയും ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥരായിരിക്കുന്നതും ആകുന്നു:

എന്നാൽ ഈ ഉപവകുപ്പിലടങ്ങിയിരിക്കുന്ന യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവ് കൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയാൻ താൻ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാകുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടുകൂടിയോ ചെയ്തിട്ടുള്ളതാണെന്നോ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് ആരോപിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത് കമ്പനിയുടെ അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റു ഉദ്യോഗസ്ഥനോ കൂടി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥരായിരിക്കുന്നതുമാണ്.

വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും;

(ഖ) ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം "ഡയറക്ടർ" എന്നാൽ അതിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതുമാകുന്നു.

14. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) കേന്ദ്രസർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുവേണ്ടി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെ അങ്ങനെയുള്ള ചട്ടങ്ങൾ താഴെപറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 3-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരമുള്ള സെസ്സ്, ഏത് രീതിയിലും ഏത് സമയത്തിനുള്ളിലും പിരിച്ചെടുക്കണമെന്ന്;

(ഖ) 3-ാം വകുപ്പ് (4)-ാം ഉപവകുപ്പുപ്രകാരം ചുമത്തേണ്ട മുൻകൂർ സെസ്സിന്റെ നിരക്ക് അല്ലെങ്കിൽ നിരക്കുകൾ;

(ഗ) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നൽകേണ്ട റിട്ടേണുകളുടെ വിവരങ്ങളും ഏത് ഉദ്യോഗസ്ഥനാണോ അല്ലെങ്കിൽ ഏത് അധികാരസ്ഥാനത്തിനാണോ അങ്ങനെയുള്ള റിട്ടേണുകൾ നൽകേണ്ടതെന്നും അങ്ങനെയുള്ള റിട്ടേണുകൾ നൽകേണ്ട രീതിയും സമയവും;

(ഘ) 7-ാം വകുപ്പുപ്രകാരം ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ വിനിയോഗിക്കാവുന്ന അധികാരങ്ങൾ;

(ങ) 9-ാം വകുപ്പുപ്രകാരമുള്ള പിഴശിക്ഷ ചുമത്താവുന്ന അധികാരസ്ഥാനം;

(ച) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപ്പീൽ ഏത് അധികാരസ്ഥാനത്തിനാണ് ഫയൽ ചെയ്യാവുന്നതെന്നും അങ്ങനെയുള്ള അപ്പീൽ ഫയൽ ചെയ്യാവുന്നത് ഏത് സമയത്തിനുള്ളിലും ഏത് ഫാറത്തിലും രീതിയിലുമാണെന്നും;

(ഛ) 11-ാം വകുപ്പ് (2)-ാം ഉപവകുപ്പുപ്രകാരം ഒരു അപ്പീലിനോടൊപ്പം ഉണ്ടായിരിക്കേണ്ട ഫീസ്;

(ജ) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും കാര്യം.

(3) ഈ ആക്റ്റുപ്രകാരം ഉണ്ടാക്കുന്ന ഓരോ ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെന്റ് സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി, ആകെ മുപ്പതു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തുവരുന്ന സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, ആ ചട്ടത്തിന്, അതിനുശേഷം, അതത് സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവമുണ്ടായിരിക്കുകയോ അല്ലെങ്കിൽ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ ചട്ടത്തിൻകീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

15. റദ്ദാക്കലും ഒഴിവാക്കലും.—(1) കെട്ടിട—മറ്റു നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമ സെസ്സ് മൂന്നാം ഓർഡിനൻസ്, 1996 (1996-ലെ 26-ാം ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിലെ തൽസ്ഥാനീയ വ്യവസ്ഥകൾപ്രകാരം ചെയ്തിട്ടുള്ളതോ എടുത്തിട്ടുള്ളതോ ആയി കരുതപ്പെടേണ്ടതാണ്.

---